പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5064 — 01/07/2013-ൽ മറുപടി പറയേണ്ടിയിരുന്നത്

## ആദിവാസി കോളനികളിലെ തൊഴിലില്ലായ്മ മൂലമുള്ള പട്ടിണി മരണം

ചോദ്യം — മറുപടി

ശ്രീമതി.ഗീതാ ഗോപി : കുമാരി.പി.കെ.ജയലക്ഷ്മി
[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി]

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി കോളനികളിൽ തൊഴിലില്ലായ്മ മൂലം പട്ടിണി മരണം നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | തൊഴിൽരഹിതരായ ആദിവാസികളുടെ കണക്ക് ജില്ല തിരിച്ചു ലഭ്യമാക്കുമോ; | (ബി) | തൊഴിൽരഹിതരായ ആദിവാസികളുടെ [illegible] ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | തൊഴിൽ രഹിതരായ പട്ടികവർഗ്ഗക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | 3302 |
| പത്തനംതിട്ട | 3451 |
| ആലപ്പുഴ | 1886 |
| കോട്ടയം | 1133 |
| ഇടുക്കി | 13364 |
| എറണാകുളം | 1572 |
| തൃശ്ശൂർ | 642 |
| പാലക്കാട് | 4902 |
| മലപ്പുറം | 3259 |
| കോഴിക്കോട് | 2365 |
| വയനാട് | 16819 |
| കണ്ണൂർ | 8598 |
| കാസർഗോഡ് | 9558 |

| | | | |
|---|---|---|---|
| (സി) | തൊഴിലില്ലായ്മ മൂലം പട്ടിണി നേരിടുന്ന ആദിവാസി കുടുംബങ്ങൾക്കുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | തൊഴിലില്ലായ്മ മൂലം ആദിവാസി കുടുംബങ്ങൾ പട്ടിണി നേരിടുന്നില്ല. മൺസൂൺ കാലത്ത് (ജൂൺ മുതൽ സെപ്തംബർ വരെ) 4 മാസക്കാലം തുടർച്ചയായുള്ള മഴക്കാലമായതിനാൽ ആദിവാസി സങ്കേതങ്ങളിൽ നിന്നും പുറത്തുപോയി ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ ഈ കോളനികളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഉണ്ടാകാതിരിക്കാൻ ഭക്ഷ്യസഹായ പദ്ധതി എല്ലാ ജില്ലയിലും എല്ലാ വർഷവും നടപ്പാക്കി വരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ പ്രോജക്ട് ഓഫീസർമാർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് 180.00 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിവിധ ജില്ലകളുടെ ആവശ്യമനുസരിച്ച് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പ്രോജക്ട് ഓഫീസർമാർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ നടപ്പിലാക്കി വരുന്നു കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ട്രൈബൽ പ്രമോട്ടർമാർ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയ, പണിയ പദ്ധതി പ്രകാരം അടിയന്തിര സാഹചര്യം പരിഗണിച്ച് ആവശ്യമായ സ്ഥലങ്ങളിൽ പാകം ചെയ്ത ഭക്ഷണവിതരണം നടത്തി വരുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ റിപ്പോർട്ട് ചെയ്യപ്പെട്ട പട്ടിണി മരണങ്ങൾ എത്രയാണ്; വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ